**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 83** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>കിഫ്ബി പദ്ധതികളുടെ തുടർച്ച</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** കിഫ്ബി പദ്ധതികളുടെ തുടർച്ച സംബന്ധിച്ച് പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച പുന:പരിശോധനാ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല

**(ബി)** ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആകാത്തതു മൂലവും സർക്കാർ തുടർനിർദേശങ്ങളൊന്നും നൽകാത്തതിനാലും, ആരംഭിച്ചുകഴിഞ്ഞ പല പദ്ധതികളും മുടങ്ങിക്കിടക്കുന്നതും അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള പദ്ധതികൾ നിലച്ചിരിക്കുന്നതു മൂലം പൊതുജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച പരിഹാര നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ തുടരുന്നതിനും, ലെറ്റർ ഓഫ് അക്സപ്റ്റൻസ്/എഗ്രിമെന്റ്/ടെക്നിക്കൽ സാങ്ഷൻ /ടെണ്ടർ എന്നീ ഘട്ടങ്ങളിലുള്ള പദ്ധതികൾ മുൻഗണനാക്രമം പുനർനിശ്ചയിച്ചപ്രകാരം തുടരുന്നതിനും, ഭരണാനുമതി ലഭിച്ചിട്ടുള്ളതും തുടർന്നുള്ള വിവിധ ഘട്ടങ്ങളിൽ ഉള്ളവയുമായ മറ്റു പദ്ധതികൾ ഓരോന്നും പ്രത്യേകം വിലയിരുത്തിയശേഷം മുന്നോട്ടുപോകുന്നതിനും, ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ ഒഴികെയുള്ള ലാൻഡ് അക്വിസിഷൻ പ്രവൃത്തികൾ ഓരോന്നും പ്രത്യേകം വിലയിരുത്തിയശേഷം മുന്നോട്ടുപോകുന്നതിനും ലാൻഡ് അക്വിസിഷൻ ആക്ടിലെ 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള ലാൻഡ് അക്വിസിഷൻ പ്രവൃത്തികൾ തുടരുന്നതിനും, കോസ്റ്റൽ ഹൈവേ പ്രൊജക്ടിലെ ലാൻഡ് അക്വിസിഷൻ ഇതിനകം പൂർത്തിയായിട്ടുള്ളതും അന്തിമഘട്ടത്തിലുള്ളതുമായ സ്ട്രെച്ചുകളിലെ പ്രവൃത്തികൾ തുടരുന്നതിനും 13.08.2026-ന് ചേർന്ന കിഫ്ബിയുടെ 58-ാ മത് ജനറൽ ബോഡി യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**(സി)** ഈ വിഷയത്തിലെ അനിശ്ചിതത്വം മൂലം തുടർപ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരം പദ്ധതിപ്രവർത്തനങ്ങൾ

പുനരാരംഭിക്കുന്നതിനായി എന്ത് ബദൽ സംവിധാനം കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** കഴക്കൂട്ടം മണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന രണ്ട് കിഫ്ബി പദ്ധതികളായ മണ്ണന്തല-കേരളാദിത്യപുരം-പൗഡിക്കോണം റോഡ് നിർമ്മാണം, ശ്രീകാര്യത്തെ ഫ്ലൈ ഓവർ നിർമ്മാണം എന്നിവയിലെ തടസ്സം നീക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>മറുപടി:</u> **1. <u>മണ്ണന്തല പൗഡിക്കോണം റോഡ് പദ്ധതി</u>**

മണ്ണന്തല പൗഡിക്കോണം റോഡ് പ്രവൃത്തിക്ക് 22-12-2025 ലെ കിഫ്ബി ധനാനുമതി ഉത്തരവ് നമ്പർ PWD015-61/APR-3/2025/KIIFB പ്രകാരം 286.51 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. രണ്ടു റീച്ചുകളായാണ് പ്രവൃത്തി ചെയ്യുന്നത്. കെ ആർ എഫ് ബി യാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. കെ ആർ എഫ് ബി യിൽ നിന്നും ലഭിച്ച വിവര പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ആദ്യ റീച്ചായ -മണ്ണന്തല സൊസൈറ്റി ജംഗ്ഷൻ പൗഡിക്കോണം റോഡ് വികസനത്തിൻറെ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ച് പ്രവൃത്തി അവാർഡ് ചെയ്യുകയും 03-09-2026 തീയതിൽ കരാറുകാരനുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും 13.09.2026-ൽ സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. കെട്ടിടങ്ങൾ പൊളിക്കൽ, മരം മുറിക്കൽ തുടങ്ങിയ അനുബന്ധ പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നു.

**<u>2. ശ്രീകാര്യം ഫ്ലൈ ഓവർ</u>**

ശ്രീകാര്യം ഫ്ലൈ ഓവർ പ്രവൃത്തിക്ക് 30-03-2023 ലെ കിഫ്ബി ധനാനുമതി ഉത്തരവ് നമ്പർ PWD012-03/TE-1/2023/KIIFB പ്രകാരം 168.68 കോടി രൂപയുടെ പുതുക്കിയ ധനാനുമതി നൽകിയിട്ടുണ്ട്. കെഎംആർഎൽ ആണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. കെഎംആർഎല്ലിൽ നിന്നും ലഭിച്ച വിവരപ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടികൾ താഴെ പറയുന്നു.

(1) ശ്രീകാര്യം ഫ്ലൈ ഓവർ പദ്ധതി പ്രദേശത്ത് കേരളാ വാട്ടർ അതോറിറ്റി പുതിയതായി സ്ഥാപിച്ച 200 mm, 300 mm diameter പൈപ്പ് ലൈനുകളെ നിലവിലുള്ള പൈപ്പ് ലൈനുകളുമായി Inter connection ചെയ്യുന്നതിനുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു.

(2) കേരള വാട്ടർ അതോറിറ്റി യുടെ അമൃത് പദ്ധതി പ്രകാരം സ്ഥാപിച്ച പുതിയ 800 mm/700 mm diametre പൈപ്പുകളുടെ Pressure Testing നടന്നു വരുന്നു.

(3) ശ്രീകാര്യം ജംഗ്ഷനിൽ സ്ഥാപിച്ചിരിക്കുന്ന ശ്രീനാരായണ ഗുരുമന്ദിരവും, അയ്യങ്കാളി പ്രതിമയും തൽസ്ഥാനത്ത് നിന്ന് മാറ്റി സ്ഥാപിക്കേണ്ടതുണ്ട്.

ഇതിനാവശ്യമായ നടപടികൾ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നു. ഉടനെ തന്നെ ഈ പ്രവർത്തികൾ പൂർത്തിയാകും.

(4) മേൽപ്പറഞ്ഞ പ്രവർത്തികൾപൂർത്തിയാകുന്ന മുറയ്ക്ക് സർവ്വീസ് റോഡുകളുടെ നിർമ്മാണം പുനരാരംഭിക്കുകയുംസർവ്വീസ് റോഡുകൾ പൂർത്തിയായശേഷം ഫ്ലൈ ഓവർ നിർമ്മാണം ആരംഭിക്കുകയും ചെയ്യും എന്നാണ് കെഎംആർഎൽ അറിയിച്ചിട്ടുള്ളത്. ഫ്ലൈ ഓവർ നിർമ്മാണത്തിനാവശ്യമായ ഡിസൈനും, രൂപരേഖകളും തയാറാക്കുന്നതിനായി ഡിസൈൻ ഏജൻസിയെ ഏൽപ്പിച്ചിരുന്നു എങ്കിലും പ്രസ്തുത ഡിസൈൻ ഏജൻസി വളരെയധികം കാലതാമസം വരുത്തിയതിനെ തുടർന്ന് കെഎംആർഎൽ അവരെ നീക്കം ചെയ്ത് പുതിയ ഏജൻസിയെ നിയമിക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 94.39 ലക്ഷം രൂപ അധികം ആവശ്യമാണെന്ന് കെഎംആർഎൽ കിഫ്ബിയെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ നിലവിൽ കിഫ്ബിയുടെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**